ഉത്തരം.

(എ) മൂന്ന മൈലിൽ ജോലി പൂത്തിയായി. രണ്ട മൈലിൽ ജോലി നടന്നുകൊണ്ടിരിക്കുന്നു.

(ബി) ചെയ്യാം.

ഇലക്ട്രിസിറ്റി.

234. [30] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) വട്ടഞ്ചേരി, നന്ദിയോട്ട്, മീനാക്ഷിപുരം എന്നീ സ്ഥലങ്ങളിലേയ്ക്ക് ഇലക്ട്രിസിറ്റി എത്തിച്ചുകൊടുക്കുന്നതിന് ഗവണ്മെൻറിനു വല്ല ആലോചനയുമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു ഉടൻതന്നെ നടപടിയിൽ വരുമോ?

ഉത്തരം.

(എ) തല്ക്കാലം ആലോചനയില്ല.

(ബി) പ്രസ്തുത സ്ഥലങ്ങളിലേയ്ക്ക് ലൈൻ നീട്ടുന്നതിനു ചെലവാക്കേണ്ട തുകയ്ക്കനുസരണമായ വരുമാനം കിട്ടുമെന്നു കാണുന്നപക്ഷം ഇതു് അടുത്തകൊല്ലം പരിഗണിയ്ക്കാവുന്നതാണ്.

പൂവാർ–വിഴിഞ്ഞം റോഡ്.

235. [33] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യത്തിനു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൂവാർ–വിഴിഞ്ഞം റോഡ് ടാറിടുന്നതിനു് ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ടോ ; അടുത്ത സാമ്പത്തികവർഷത്തിൽ ആ ജോലി നടത്തുന്നതിനു സർക്കാർ ശ്രദ്ധിക്കുമോ?

ഉത്തരം.

പൂവാർ–വിഴിഞ്ഞം റോഡ് ടാറിടുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ ജോലി അടുത്ത സാമ്പത്തികവർഷത്തിൽ നടത്തുവാൻ സാദ്ധ്യമാകുന്നതല്ല. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഈ ജോലിയും ഉൾപ്പെടുത്തുവാനാണ് ഗവണ്മെൻറ് ഉദ്ദേശിച്ചിരിക്കുന്നതു്.

റോഡുപണി.

236. [34] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ ചടയമംഗലം ജംഗ്ഷനിൽ നിന്നും, ഓരേടം എന്ന സ്ഥലത്തേയ്ക്കുള്ള റോഡിൻറെ പണി നടക്കാതിരിക്കുന്നതിനുള്ള കാരണമെന്തു് ;

(ബി) ഈ റോഡിൽ, കല്ലുത്തണ്ണി എന്ന സ്ഥലത്തു് ഒരു പാലം നിർമ്മിക്കുന്നതിനു് നാട്ടുകാരിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) നിവേദനം ലഭിച്ചിട്ടുണ്ടെങ്കിൽ എന്നു് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതിന്മേൽ എന്തു നടപടി ഗവണ്മെൻറ് കൈക്കൊണ്ടിട്ടുണ്ട്?

ഉത്തരം.

(എ) ഈ റോഡിൻെറ മെയിൻറനൻസ് ജോലി ആണ്ടുതോറും നടത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി) 10-7-1952-ൽ.

(ഡി) പാലം പണി തുടങ്ങുവാൻ വേണ്ട നടപടികൾ നടത്തിവരികയാണ്.

റോഡു നന്നാക്കാനുള്ള നിവേദനം.

237. [35] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര—ശബരിമല വില്ലേജ് റോഡിൽ ആറൻമുള മുതൽ കോഴഞ്ചേരിവരെയുള്ള റോഡ് നന്നാക്കണമെന്നുകാണിച്ച് വല്ല നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി എടുത്തിട്ടുണ്ട്?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മുളക്കാഞ്ചിറ തോട്.

238. [37] ശ്രീ. പി. ജെ. സബാസ്റ്റ്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം താലൂക്കിൽ പനച്ചിയ്ക്കാട്ടു പകുതിയിലൂടെ പുതുതായി വെട്ടിക്കൊണ്ടിരിക്കുന്ന മുളക്കാഞ്ചിറത്തോട്ടിന് ഇതേവരെ എന്തു സംഖ്യ ചെലവായി;

(ബി) ടി തോടിൻെറ പണി പൂർത്തിയായാൽ എത്ര ഏക്കർ നിലത്തിനു് ഗുണം കിട്ടുന്നതാണ്.

(സി) ടി തോടിൻെറ പണി എന്നു കൊണ്ടു പൂർത്തിയാകും?

ഉത്തരം.

(എ) ഇതുവരെ 1,69,608 രൂപ ചെലവായി.

(ബി) ഉദ്ദേശം 1600 ഏക്കർ സ്ഥലത്തിനു് ഗുണം കിട്ടുന്നതാണ്.

(സി) 1955-56-ൽ പൂർത്തിയാകുന്നതാണ്.

സ്റ്റേഷനുകൾക്ക് പോലീസ് ലൈൻ.

239. [39] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും പോലീസ് ലൈനുകളുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly